Email 28/10/20

6106/2020

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തൊഴിലും നൈപുണ്യവും വകുപ്പ് - ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പിലെ കെമിക്കൽ ഇൻസ്പെക്ടർ തസ്തികയായി താത്കാലികമായി മാറ്റപ്പെട്ട ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് ഗ്രേഡ് II തസ്തിക പുന:സ്ഥാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തൊഴിലും നൈപുണ്യവും (ബി) വകുപ്പ്

സ.ഉ.(സാധാ) നം.1106/2020/തൊഴിൽ തീയതി,തിരുവനന്തപുരം, 28/10/2020

പരാമർശം:- 1 01.08.2003-ലെ സ.ഉ.(സാധാ) 2119/2003/തൊഴിൽ നമ്പർ സർക്കാർ ഉത്തരവ്.

2 ശ്രീ.സാഹീർ.എസ് 4.11.2019 തീയതിയിൽ സർക്കാരിൽ സമർപ്പിച്ച നിവേദനം

3 ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് ഡയറക്ടറുടെ 28.01.2020 തീയതിയിലെ ഇ1/9931/2019/ഫാ&ബോ നമ്പർ കത്ത്

ഉത്തരവ്

ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പിലെ ഒരു ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ് & ബോയിലേഴ്സ് ഗ്രേഡ്-2 തസ്തിക പരാമർശം (1) പ്രകാരമുള്ള ഉത്തരവുപ്രകാരം കെമിക്കൽ ഇൻസ്പെക്ടർ തസ്തികയായി താത്കാലികമായി മാറ്റുകയും പ്രസ്തുത തസ്തികയിലേയ്ക്ക് കോഴിക്കോട് ജോയിന്റ് ഡയറക്ടർ ഓഫീസിലെ സേഫ്റ്റി സെല്ലിലെ കെമിക്കൽ ഇൻസ്പെക്ടർ ശ്രീമതി. സുലോചനയെ നിയമിക്കുകയും ചെയ്തിരുന്നു. ശ്രീമതി.സുലോചന 30.04.2020-ൽ സർവ്വീസിൽനിന്നും വിരമിച്ചിട്ടുള്ളതിനാൽ താല്കാലികമായി മാറ്റപ്പെട്ട ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് ഗ്രേഡ് II തസ്തിക പുന:സ്ഥാപിച്ച് നല്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന അപേക്ഷയുമായി ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ് & ബോയിലേഴ്സ് ഗ്രേഡ്-2 പി.എസ്.സി റാങ്ക് പട്ടികയിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥിയായ ശ്രീ.സാഹീർ.എസ്. പരാമർശം (2) പ്രകാരം നിവേദനം നല്കിയിരുന്നു.

2) ഫാക്ടറീസ് & ബോയിലേഴ്സ് ഗ്രേഡ്-2 തസ്തിക താല്കാലികമായി കെമിക്കൽ ഇൻസ്പെക്ടർ തസ്തികയായി കൺവർട്ട് ചെയ്തിട്ടുണ്ടെന്നും പ്രസ്തുത തസ്തികയിൽ ജോലി ചെയ്തു വരുന്ന ശ്രീമതി.സുലോചന.ജി 2020 ഏപ്രിൽ 30-ന് സർവ്വീസിൽ നിന്ന് വിരമിക്കുന്നമുറയ്ക്ക് പ്രതിപാദ്യ താല്കാലിക തസ്തിക റദ്ദാക്കി, സ്ഥിരം തസ്തികയായ ഫാക്ടറീസ് & ബോയിലേഴ്സ് ഗ്രേഡ്-2 തസ്തികയായി പുന:സ്ഥാപിക്കുന്നതിന് സർക്കാർ അനുമതി നല്കണമെന്നും ഡയറക്ടർ പരാമർശം (3) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പിന്റെ കോഴിക്കോട് ജോയിന്റ് ഡയറക്ടർ ഓഫീസിലെ സേഫ്റ്റി സെല്ലിലെ കെമിക്കൽ ഇൻസ്പെക്ടർ

തസ്തികയായി താത്കാലികമായി മാറ്റപ്പെട്ട തസ്തിക, ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് ഗ്രേഡ് II തസ്തികയായി പുനഃസ്ഥാപിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡി.ലാല്
**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

ഡയറക്ടർ, ഫാക്ടറീസ് ആന്റ് ബോയിലേഴ്സ്, തിരുവനന്തപുരം

ശ്രീ.സാഹീർ.എസ്, 7/588-ഫോർച്യൂൺ, ആഫ്റ്റർ ഫാമിലി കാറ്ററിംഗ്സ്, കന്നംകളങ്ങര, പിരായിരി, പാലക്കാട്- 678 004

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്(വെബ് & ന്യൂസ് മീഡിയ) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signature Not Verified
Digitally signed by PADMAKUMARI B
Date: 2020.10.28 16:30:53 IST
Reason: Approved

സെക്ഷൻ ഓഫീസർ

പകർപ്പ് :-

ബഹു. തൊഴിലും എക്സൈസും വകുപ്പ് മന്ത്രിയുടെ പി.എസ്

തൊഴിലും നൈപുണ്യവും അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.

അഡീഷണൽ സെക്രട്ടറിയുടെ സി.എ

അണ്ടർ സെക്രട്ടറി